# 'മനം തിരിയുക'

## ഉല്പത്തി 28:20–21

"ദൈവം എന്നോട് കൂടെ ഇരിക്കയും ഞാൻ പോകുന്ന ഈ യാത്രയിൽ എന്നെ കാക്കുകയും, ഭക്ഷിപ്പാൻ ആഹാരവും, ധരിപ്പാൻ വസ്ത്രവും എനിക്കു തരികയും എന്നെ എന്റെ അപ്പന്റെ വീട്ടിലേക്കു സൗഖ്യത്തോടെ മടക്കിവരുത്തുകയും ചെയ്യുമെങ്കിൽ യഹോവ എനിക്ക് ദൈവമായിരിക്കും"

ബേർശേബയിൽ നിന്ന് ഹാരാനിലേക്ക് പുറപ്പെട്ടു പോകുന്ന യാക്കോബ്, തന്റെ യാത്രക്കിടയിൽ ഒരു സ്ഥലത്തു രാപാർത്തപ്പോൾ കണ്ട ഒരു സ്വപ്നത്തിൽ യഹോവയുടെ അരുളപ്പാട് ലഭിച്ച ശേഷം പറഞ്ഞ വാക്കുകളാണിവ. യഹോവ ആ സ്ഥലത്തു ഉണ്ട് എന്ന് നിശ്ചയമായമുണ്ടായിരുന്നിട്ടും; അബ്രഹാമിനെപ്പോലെ യക്കോബ് അവിടെ ഒരു യാഗപീഠം പണിതില്ല. മറിച്ച് അവൻ ഒരു നേർച്ച നേരുകയാണ് ചെയ്തത്. പൂർണ്ണമായും ദൈവത്തിന്റെ മുമ്പാകെ സമർപ്പിക്കേണ്ടതിന്നു പകരം അവൻ ആഗ്രഹിച്ചതുപോലെയെല്ലാം യഹോവ നടത്തി കൊടുക്കുകയാണെങ്കിൽ യഹോവ എനിക്കു ദൈവമായിരിക്കും എന്നാണ് അവൻ പറഞ്ഞത്.

ഇന്നു നമ്മുടെ ജീവിതത്തിൽ നാമും യാക്കോബിനെപ്പോലെ തന്നെയല്ലേ. അവന്റെ മുമ്പിൽ പൂർണ്ണമായും അടിയനിതാ എന്നു പറഞ്ഞു വിട്ടുകൊടുക്കേണ്ടതിനു പകരം നീ എനിക്ക്; ഞാൻ ആഗ്രഹിക്കുന്നതെല്ലാം എന്റെ പദ്ധതികളെല്ലാം നിറവേറ്റാൻ എന്നെ സഹായിച്ചാൽ ഞാൻ നിന്നെ ആരാധിക്കാം, സേവിക്കാം എന്നൊക്കെ പറയുന്നവരല്ലേ. നമ്മുടെ ഇഷ്ടങ്ങൾക്കായി ദൈവത്തിനെ ഉപയോഗിക്കുന്നവരായി നാം പലപ്പോഴും മാറുന്നു. നീ അതു തന്നാൽ ഞാൻ ഇതു ചെയ്യാം എന്നു പറഞ്ഞു നേർച്ച നേരുന്നവരാണ് നാം. എന്നാൽ ദൈവത്തിന്റെ മുമ്പിൽ നമ്മെ തന്നെ താഴ്ത്തി സമർപ്പിച്ച് നിന്റെ വഴിയിലൂടെ എന്നെ നടത്തേണമേ എന്നു പറയുന്ന ഒരു സമർപ്പണ യാഗമാണ് ദൈവം ആഗ്രഹിക്കുന്നത്. അവിടെയാണ് ദൈവം നമ്മെ അവന്റെ ഹിതത്തിനായി ഉപയോഗിക്കുന്നത്. ഇല്ലെങ്കിലും ദൈവം നമ്മെ അനുഗ്രഹിച്ചേക്കാം.

ഇവിടെ യാക്കോബിനെ ദൈവം അനുഗ്രഹിക്കുന്നതായി നാം കാണുന്നു. എന്നാൽ അവനെ ദൈവം ഉപയോഗിക്കാൻ തുടങ്ങുന്നത് അവന്റെ പൂർണ്ണമായ സമർപ്പണത്തിന്നു ശേഷമാണ്. യഹോവ അവന്റെ പേർ മാറ്റി യിസ്രായേൽ എന്ന് പേരാക്കി. അവന്റെ മേൽ ദൈവത്തിന്റെ പ്രകശം ഉദിക്കുകയും ചെയ്തു. നമ്മുടെ ജീവിതത്തിലും അവനായി നമ്മെ തന്നെ

ഉപാധികളില്ലാതെ സമർപ്പിച്ചു കൊടുക്കുമ്പോൾ അവന്റെ ഹിതത്തിനായി നമ്മെയും അവൻ ഉപയോഗിക്കും. ഞാൻ പോകുന്ന വഴിയിൽ എന്നെ അനുഗ്രഹിക്കണമേ എന്നല്ല, നീ ആഗ്രഹിക്കുന്ന വഴിയിൽ നടക്കാൻ എന്നെ അനുഗ്രഹിക്കണേ എന്നു പ്രാർത്ഥിക്കാം. അതിനായി സമർപ്പിക്കാം.

പരാമർശം :

യോവേൽ 2:12–13

"എന്നാൽ ഇപ്പോഴെങ്കിലും നിങ്ങൾ പൂർണ്ണഹൃദയത്തോടും ഉപവാസത്തോടും കരച്ചലോടും വിലാപത്തോടും കൂടെ എങ്കലേക്കു തിരിവിൻ എന്നു യഹോവയുടെ അരുളപ്പാടു. വസ്ത്രങ്ങളെയല്ല ഹൃദയങ്ങളെ തന്നേ കീറി നിങ്ങളുടെ ദൈവമായ യഹോവയുടെ അടുക്കലേക്കു തിരിവിൻ; അവൻ കൃപയും കരുണയും ദീർഘക്ഷമയും മഹാദയയുമുള്ളവനല്ലോ; അവൻ അനർത്ഥത്തെക്കുറിച്ചു അനുതപിക്കും"

സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 029